GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

---

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 25/07/2026

1) സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം നടപ്പിലാക്കുന്ന 2026-27 വർഷത്തെ ക്ലസ്റ്റർ ഗ്രാമം പ്രൊജക്റ്റിന്റെ ഭാഗമായി താഴെപ്പറയുന്ന ആറ് കമ്പോണന്റുകൾക്കായി

വെള്ളനാട് ബ്ലോക്കിൽ ഉൾപ്പെടുന്ന 8 കൃഷിഭവനുകളിലെ കർഷകർക്ക് അപേക്ഷിക്കാവുന്നതാണ്.

a) മഷ്റൂം സ്മാൾ സ്കെയിൽ പ്രൊഡക്ഷൻ യൂണിറ്റ്:- ഒരു യൂണിറ്റ് 100 ബെഡ്ഡിന് 11250/- രൂപ ആനുകൂല്യം ലഭിക്കുന്നതാണ്.

b) ലാർജ് മഷ്റൂം പ്രൊഡക്ഷൻ യൂണിറ്റ്:- ഒരു യൂണിറ്റിന് ആകെ ചിലവിന്റെ 40%വരുന്ന 2 ലക്ഷം രൂപ ആനുകൂല്യം ലഭിക്കുന്നതാണ്.

ആദ്യ ഘട്ടത്തിൽ 300 ബെഡ് ക്ലൺ കൃഷി ചെയിതിട്ടുണ്ടാകണം ആധുനിക രീതിയിലുള്ള ക്ലൺ ഷെഡുകളാണ് നിർമ്മിക്കേണ്ടത്.

c) സ്മാൾ സ്കെയിൽ സ്പാൺ പ്രൊഡക്ഷൻ യൂണിറ്റ്: ഒരു യൂണിറ്റിന് ആകെ ചിലവിന്റെ 40%വരുന്ന 2 ലക്ഷം രൂപ ആനുകൂല്യം ലഭിക്കുന്നതാണ്.

d) മഷ്റൂം കമ്പോസ്റ്റ് യുണിറ്റ്:- കാലാവധി കഴിഞ്ഞ ക്ലൺബെഡുകൾ ഉപയോഗിച്ച് മണ്ണിരയുടെ സഹായത്തോടെ വളം നിർമ്മിക്കുന്ന യൂണിറ്റുകളാണ് ഇത്. ഒരു യൂണിറ്റിന് ആകെ ചിലവിന്റെ 50% വരുന്ന 50000/- രൂപയാണ് ആനുകൂല്യം ലഭിക്കുന്നത്.

e) മഷ്റൂം പായ്ക്ക് ഹൗസ്. ഒരു യൂണിറ്റിന് 50% സബ്സിഡിയായ 2 ലക്ഷം രൂപയാണ് ആനുകൂല്യം ലഭിക്കുന്നത്. ആകെ തുക കെട്ടിട നിർമാണം ഉൾപ്പെടെ 4 ലക്ഷം രൂപയാണ് വരേണ്ടത്.

f) മഷ്റൂം പ്രിസർവേഷൻ യുണിറ്റ്:- ആകെ തുകയായ 2 ലക്ഷം രൂപയുടെ 50 ശതമാനമായ 1 ലക്ഷം രൂപയാണ് ആനുകൂല്യമായി നൽകുന്നത്.

2) കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിൽ ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് കൃഷിഭവന്റെ ആഭിമുഖ്യത്തിൽ ഇന്ന്

(25/07/2026 ന്) പഞ്ചായത്ത് ഹാളിൽ വെച്ച് **ഓണക്കാല പച്ചക്കറി കൃഷിയിലെ വള പ്രയോഗവും രോഗ കീട നിയന്ത്രണവും** എന്ന വിഷയത്തെകുറിച്ച് പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് അവസരം. കൂടുതൽ വിവരങ്ങൾക്ക് 8281281005 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാം.

3) പൂയപ്പള്ളി മോഡൽ ആർ.പി. എസ്സി ന്റെയും റബ്ബർ ബോർഡിന്റയും നേതൃത്വത്തിൽ 18 നും 60 നും ഇടയിൽ പ്രായമുള്ള വനിതകൾക്ക് സ്റ്റൈപ്പന്റോട് കൂടി 8 ദിവസത്തെ റബ്ബർ ടാപ്പിംഗ് പരിശീലനം നൽകുന്നു. താല്പര്യമുള്ളവർ ഓഗസ്റ്റ് 5 ന് മുൻപ് അപേക്ഷിക്കണം. കൂടുതൽ വിവരങ്ങൾക്ക് 8943346625 /9061042347 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

4) കേരള കാർഷിക സർവകലാശാലയുടെ കീഴിൽ **"വാണിജ്യാടിസ്ഥാനത്തിലുള്ള പുഷ്പകൃഷിയും പൂന്തോട്ട പരിപാലനവും"** എന്ന സൗജന്യ ഓൺലൈൻ കോഴ്സിന്റെ പുതിയ ബാച്ച് 2026 ആഗസ്റ്റ് 10 മുതൽ ആരംഭിക്കുന്നു. മൊബൈൽ ഫോണിലോ കമ്പ്യൂട്ടറിലോ വീട്ടിലിരുന്ന് പഠിക്കാവുന്ന മലയാളത്തിലുള്ള 24 ദിവസത്തെ സൗജന്യ കോഴ്സാണ് ഇത്. ഫൈനൽ പരീക്ഷ വിജയിക്കുന്നവർക്ക് സർട്ടിഫിക്കറ്റിന് ഫീസ് ബാധകമായിരുക്കും. കൂടുതൽ വിവരങ്ങൾക്ക്

0487-2438567 8547837256 എന്നീ ഫോൺ നമ്പറുകളിലോ https://celkau.in/elearning/index.php വെബ് സൈറ്റോ സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

5) കർഷക ദിനാചരണ ത്തിന്റെ ഭാഗമായി നെയ്യാറ്റിൻകര അതിയന്നൂർ പഞ്ചായത്തും കൃഷിഭവനും സംയുക്തമായി വിവിധ കാർഷിക മേഖലകളിൽ മികച്ച പ്രകടനം കാഴ്ചവച്ച കർഷകരെ ആദരിക്കുന്നതിനായി അപേക്ഷകൾ ക്ഷണിച്ചു. ജൈവ കർഷകൻ, വനിതാ കർഷക, വിദ്യാർഥി കർഷകൻ, എസ്‌സി/എസ്ടി കർഷകൻ, യുവ കർഷകൻ, ക്ഷീര കർഷകൻ, മുതിർന്ന കർഷകൻ, ഭിന്നശേഷി കർഷകൻ, കർഷക തൊഴിലാളി, മൂല്യ വർധിത കാർഷിക മേഖല യിലെ മികച്ച പ്രവർത്തകൻ അഥവാ പ്രവർത്തക എന്നീ വിഭാഗങ്ങളിലെ മികവ് പരിഗണിച്ചാണ് പുരസ്കാരങ്ങൾ നൽകുന്നത്. വെള്ളപേപ്പറിൽ തയാറാക്കിയ അപേക്ഷകൾ ഓഗസ്റ്റ് ഒന്നിനു വൈകുന്നേരം അഞ്ചിനകം അതിയന്നൂർ കൃഷിഭവനിൽ സമർപ്പിക്കണം.

6) എറണാകുളം വെങ്ങോല പഞ്ചായത്തിൽ ചിങ്ങം ഒന്ന് കർ ഷകദിനാചരണത്തിൽ മികച്ച കർഷകരെ പരിഗണിക്കുന്നതിനായി മികച്ച മുതിർന്ന കർഷകൻ, മികച്ച കർഷക, യുവകർഷകൻ, വിദ്യാർഥികർഷകൻ, എസ്. സി./എസ്.ടി. കർഷകൻ, നെൽ

കർഷകൻ, പച്ചക്കറികർഷകൻ, സമ്മിശ്രകർഷകൻ, കർഷകത്തൊഴിലാളി, ക്ഷീര കർഷകൻ എന്നീ വിഭാഗങ്ങളിലായി അപേക്ഷകൾ ക്ഷണിച്ചു. ഓഗസ്റ്റ് മൂന്നിനകം കൃഷിഭവനിൽ അപേക്ഷകൾ സമർപ്പിക്കണം.

7) കേരള കാർഷിക സർകലാശാലയുടെ കീഴിലുള്ള വിവിധ കോളേജുകളിലേക്ക് 2026-27 അദ്ധ്യയന വർഷത്തെ വിവിധ പി.ജി/പി.എച്ച്,ഡി പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായി വിജ്ഞാപനം പുറപ്പെടുവിച്ചു. യോഗ്യത, അപേക്ഷാ ഫീസ് എന്നിവയടക്കമുള്ള വിശദമായ പ്രോസ്പെക്ടസ് ഡൗൺലോഡ് ചെയ്യുന്നതിനും ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും കേരള കാർഷിക സർവകലാശാലയുടെ www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയ്യതി 20.08.2026. കൂടുതൽ വിവരങ്ങൾക്ക് 0487 2438139 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാം.